UNSTARRED QUESTIONS POSTED FOR ANSWER ON 5-4-1955

മദ്യനിരോധനകേസുകൾ.

292. [5] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ഡിസ്ട്രിക്റ്റിൽ 1954 ജനുവരി 1 മുതൽ ഡിസംബർ 30-ാം തീയതി വരെ എത്ര മദ്യനിരോധനകേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഏതെങ്കിലും ഗവണ്മെന്റ് ഉദ്യോഗസ്ഥന്മാരുടെ മേൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(സി) എത്ര ഉദ്യോഗസ്ഥന്മാരുടെ മേൽ; അവർ ആരെല്ലാം?

ഉത്തരം.

(എ) 1511 കേസുകൾ.

(ബി) ഉണ്ട്.

(സി) നാല് (4) ഗവണ്മെന്റുദ്യോഗസ്ഥന്മാരുടെ മേൽ, അതിൽ ഒരാൾ കുറക്കാരനല്ലെന്ന ബോദ്ധ്യമായി വെറുതെ വിട്ടു. ബാക്കിയുള്ളവർ:—

1. ഉണ്ണി, ഡ്രൈവർ സ്റ്റോറ് ഗസ്റ്റ് ഡിപ്പാർട്ടുമെന്റ്.
2. ഇരണിയൽ റയിഞ്ചാഫീസ് ഗാർഡ്, സുബ്ബയ്യാപിള്ള മകൻ പാക്യംപിള്ള.
3. നാഗർകോവിൽ മുനിസിപ്പൽ പ്യൂൺ, പെരുമാൾപിള്ള മകൻ തിരുമലയാണ്ടിപ്പിള്ള.

മിഡ്വൈഫറി കേന്ദ്രം.

293. [12] ശ്രീ. എൻ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ താലൂക്കിൽ കോഴിമുക്ക് പഞ്ചായത്തിൽപ്പെട്ടതും, എപ്പോഴും വെള്ളത്താൽ ചുറ്റപ്പെട്ട് സഞ്ചാരസൗകര്യമില്ലാത്തതുമായ പാണ്ടങ്കരിക്കരയിലും, അയ കരക്കും ചേർന്ന് ഒരു മിഡ്വൈഫറി കേന്ദ്രം അനുവദിക്കുന്നതിനു നിവേദനം കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണു കിട്ടിയതു;

(സി) ആ നിവേദനത്തിനു 1955-56-ലെ ബഡ്ജറ്റിൽ പ്രൊവിഷൻ ഉൾപ്പെടുത്താമെന്നു മറുപടി കൊടുത്തിട്ടുണ്ടോ;

(ഡി) 1955-56-ലെ ബഡ്ജറ്റിൽ അതിനുള്ള തുക കൊള്ളിച്ചിട്ടുണ്ടോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) 1954 അക്ടോബറിൽ.

(സി) 1955-56-ലെ ബഡ്ജറ്റ് ആസ്പദമാക്കി ഇക്കാര്യം പരിഗണിക്കാമെന്നു മറുപടി കൊടുത്തിട്ടുണ്ട്.

(ഡി) കൂടുതൽ കേന്ദ്രങ്ങൾ തുറക്കുന്നതിനു ബഡ്ജറ്റിൽ തുക കൊള്ളിച്ചിട്ടുണ്ട്. ആ കൂട്ടത്തിൽ പാണ്ടൻകരിയുടെ കാര്യവും പരിഗണിക്കുന്നതാണു.

LIBRARY ARCHIVES Kerala Legislative Assembly